LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പുവഴി, 2017 കലണ്ടർ വർഷത്തിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 10 ശതമാനം വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ടൂറിസ്റ്റുകൾക്കായി ഹോംസ്റ്റേ

185 (5912) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടൂറിസ്റ്റുകൾക്കായി ഹോം സ്റ്റേ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്ഥലവാസികൾ ഏർപ്പെടുത്തേണ്ടതെന്നും ഇതു സംബന്ധിച്ച നടപടികൾ/അംഗീകാരങ്ങൾ എന്നിവ എവിടെ നിന്നും തേടണമെന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനും അവർക്ക് കേരളത്തിന്റെ സംസ്കാരവും ആതിഥ്യ മനോഭാവവും അനുഭവവേദ്യമാക്കുന്നതിനുവേണ്ടി കേരള ടൂറിസം ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കി വരുന്നു. ഹോംസ്റ്റേ ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷ അനുബന്ധ രേഖകൾ ഉൾപ്പെടെ ടൂറിസം വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. ഹോംസ്റ്റേയിൽ ഉണ്ടാകേണ്ട അവശ്യ സൗകര്യങ്ങളെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

186 (5913) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവൃത്തികളാണ് വിഭാവന ചെയ്തിട്ടുള്ളതെന്നും ഇതിൽ ഏതൊക്കെയാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചുവെന്നും അറിയിക്കാമോ;

(ബി) അടുത്ത ശബരിമല സീസണുമുമ്പ് എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇവയുടെ നിർമ്മാണപുരോഗതി വിലയിരുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.